പതിമൂന്നാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ – **3049** **20. 06. 2014-** ലെ മറുപടി

## പ്രവാസികളെ സഹായിക്കാൻ ചെറുകിട സംരംഭങ്ങൾ

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. എ.എ. അസീസ് | ശ്രീ. കെ. സി. ജോസഫ്<br>*(ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികകാര്യവും നോർക്കയും വകുപ്പ് മന്ത്രി)* |
| (എ) ജോലി നഷ്ടപ്പെട്ട് മടങ്ങിയെത്തുന്ന പ്രവാസികൾക്ക് ചെറുകിട സംരംഭങ്ങൾ ആരംഭിക്കാൻ പദ്ധതി ആസൂത്രണം ചെയ്തിട്ടുണ്ടോ ;<br><br>(ബി) ഉണ്ടെങ്കിൽ വിശദാംശം നൽകുമോ; | (എ & ബി) ഉണ്ട്. തിരികെയെത്തിയ പ്രവാസി മലയാളികൾക്ക് വേണ്ടി സ്വയം തൊഴിൽ സംരംഭങ്ങൾ പ്രോത്സാഹിപ്പിക്കുന്നതിനായി നോർക്ക ഡിപ്പാർട്ട്മെന്റ് പ്രോജക്ട് ഫോർ റിട്ടേൺ എമിഗ്രൻസ് (NDPREM) എന്ന നാമധേയത്തിൽ ഒരു പദ്ധതി രൂപീകരിച്ചിട്ടുണ്ട്. പരമാവധി 20 ലക്ഷം രൂപ വരെ മൂലധന ചെലവ് പ്രതീക്ഷിക്കുന്ന സ്വയം തൊഴിൽ സംരംഭങ്ങൾക്ക് 10% മൂലധന സബ്സിഡി അനുവദിക്കുന്നതാണ് പദ്ധതി. 2 വർഷമെങ്കിലും വിദേശത്ത് ജോലി ചെയ്ത ശേഷം നാട്ടിൽ മടങ്ങിയെത്തിയ പ്രവാസികൾ, ഇത്തരം പ്രവാസികൾ ചേർന്ന് രൂപീകരിച്ച കമ്പനി, ട്രസ്റ്റ്, സൊസൈറ്റി തുടങ്ങിയവയാണ് പദ്ധതിയുടെ ആനുകൂല്യത്തിന് അർഹർ. |
| (സി) ഏതൊക്കെ സംരംഭങ്ങൾക്ക് എത്ര രൂപ ലോണും എത്ര രൂപ സബ്സിഡിയും അനുവദിക്കുമെന്ന് വ്യക്തമാക്കുമോ? | (സി) താഴെപ്പറയുന്ന പ്രധാനപ്പെട്ട 4 മേഖലയിലായി സംരംഭങ്ങൾ ആരംഭിക്കുന്നവർക്ക് ആനുകൂല്യത്തിന് അർഹതയുണ്ട്.<br>• കാർഷിക വ്യവസായം<br>• ചെറുകിട കച്ചവടം<br>• സേവനം<br>• ഉത്പാദനം<br><br>20 ലക്ഷം രൂപ വരെ മുതൽമുടക്കുള്ള ചെറുകിട സംരംഭങ്ങൾക്ക് കുറഞ്ഞ പലിശനിരക്കിൽ ബാങ്ക് വായ്പ ലഭ്യമാക്കുന്നതിന് സഹായിക്കുകയും മൂലധന ചെലവിന്റെ 10% പരമാവധി 2 ലക്ഷം രൂപ സബ്സിഡിയും നൽകുന്നതാണ് പദ്ധതി. |

സെക്ഷൻ ഓഫീസർ